# അന്വേഷണം (SEARCH)

Search Query (തിരച്ചിൽ വാക്കുകൾ) രൂപംകൊടുക്കുമ്പോൾ പ്രധാനമായും രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം

## 1. Search Fields

Query Box നു മുകളിൽ ഏതിലാണ് അന്വേഷിക്കേണ്ടതെന്ന് സൂചിപ്പിച്ചാൽ അന്വേഷണഫലം കൂടുതൽ കൃത്യപ്പെടുത്താം. Author, Title, Subject മുതലായവയിൽ ഏതെങ്കിലുമൊന്ന് സെലക്ട് ചെയ്തില്ലെങ്കിൽ All ൽ ആയിരിക്കും സെർച്ച് നടക്കുക. അപ്പോൾ 'വിദ്യ' എന്ന് കൊടുത്താൽ 'വിദ്യാധരൻ, കെ' എന്നതും ഫലത്തിൽ വരും. ഇതൊഴിവാക്കാനാണ് ഫീൽഡ് തിരഞ്ഞെടുക്കേണ്ടത്.

## 2. Truncation

മലയാളത്തിലെ പദസംയോജനം അന്വേഷണത്തിൽ വരുത്തുന്ന പരിമിതികളെ ഒരളവുവരെ ട്രങ്കേഷൻ കൊണ്ട് മറികടക്കാം. പദത്തെ ഇടത്തോ വലത്തോ വച്ച് മുറിക്കലാണ് ട്രങ്കേഷൻ. **മദ്യം** എന്ന് സെർച്ച് ചെയ്യാൻ കൊടുത്താൽ ശീർഷകത്തിലോ വിഷയത്തിലോ മദ്യം എന്ന വാക്ക് ഉണ്ടെങ്കിലേ ഫലം ലഭിക്കൂ. *മദ്യനയം , മദ്യനയത്തിന്റെ , മദ്യനയവും , മദ്യനയത്തോട് , മദ്യനയത്തോടുള്ള , മദ്യനയത്തിൽ , മദ്യനയത്തിലുള്ള , മദ്യപാനി* ..... എന്നിങ്ങനെ അനേകം പ്രയോഗങ്ങൾ അന്വേഷണവിധേയമാകാതെ നഷ്ടപ്പെടുന്നു. ഇതു പരിഹരിക്കാൻ Query (അന്വേഷണ പദം) യിൽ വലതുവശം സ്റ്റാർ ഉപയോഗിച്ച് Truncate ചെയ്താൽ മതി : **മദ്യ***

ഇടതുവശത്താണ് മുറിക്കുന്നതെങ്കിൽ ***മദ്യ**
*വിദേശമദ്യം , വിഷമദ്യം* ..... മുതലായവ അന്വേഷണ വിധേയമാകും.

ഇടതും വലതും മുറിക്കുകയാണെങ്കിൽ ***മദ്യ***
വേറിട്ട രണ്ടന്വേഷണവും ഒരുമിച്ച് സാദ്ധ്യമാകും.

പദപ്രയോഗങ്ങൾ സംയോജിച്ചും വേർപെട്ടുമിരിക്കുക (*മലയാളഭാഷ - മലയാള ഭാഷ , മദ്യദുരന്തം - മദ്യ ദുരന്തം*), കൂട്ടക്ഷരത്തിനു സമമായി ചില്ലുപയോഗിക്കുക

(*വെണ്മണി - വെൺമണി*) മുതലായവ മലയാളത്തിലെ വിവരാന്വേഷണത്തിലെ സങ്കീർണ്ണതകളാണ്. ഇതു പരിഹരിക്കാനുള്ള ശ്രമം തുടരുന്നു.

## അന്വേഷണ ചതുരം (Query Box)

Query Box നകത്തെ ക്രോസ്മാർക്ക് ക്ലിക്ക് ചെയ്താൽ നിലവിലെ അന്വേഷണപദങ്ങൾ മായും.

Query Box നു തൊട്ടടുത്ത് വലതുവശത്തെ കീബോർഡിന്റെ കുഞ്ഞു രൂപം ക്ലിക്ക് ചെയ്താൽ വലിയ കീബോർഡ് പ്രത്യക്ഷപ്പെടും. സ്ക്രീനിന്റെ ഏറ്റവും താഴെയുള്ള Task Bar ൽ ഇൻപുട്ട് ഭാഷ മലയാളമാണെങ്കിൽ (MY), കീബോർഡിൽ മലയാളലിപി തെളിയും. അതതു കട്ടകളിൽ മൌസുകൊണ്ട് കുത്തി Query Box ൽ അക്ഷരങ്ങളും പദങ്ങളും ഉണ്ടാക്കാം.

## അന്വേഷണ ഫലം (SEARCH HITS)

അന്വേഷണ ഫലത്തെ പലതരത്തിൽ, പലയെണ്ണത്തിൽ ക്രമീകരിക്കാം

ഫലങ്ങൾ ഒറ്റയടിക്ക് എത്രയെണ്ണം കാണണമെന്ന് നിജപ്പെടുത്താൻ Show Results ലെ 10/20/50/100 മാറ്റുക.

ഫലങ്ങൾ മുഴുവനും ടെക്സ്റ്റ് ഫയലായി കിട്ടാൻ Export Data (ചുവന്ന കളർ) യുടെ ഇടതുവശത്തെ ചതുരം ക്ലിക്കുചെയ്ത് എക്സ്പോർട്ട് ചെയ്യുക.. ആവശ്യമുള്ളതു മാത്രം എക്സ്പോർട്ട് ചെയ്യാൻ അതതു ലേഖനങ്ങളുടെ നേർക്കുള്ള ചതുരം ക്ലിക്കുചെയ്യുക.

ഫലങ്ങൾ ശീർഷകത്തിലും ലേഖനകർത്താവിലും വർഷത്തിലുമൊക്കെ സോർട്ട് ചെയ്യാം. ഒരു പ്രാവശ്യം ക്ലിക്ക് ചെയ്താൽ Ascending ക്രമത്തിൽ കിട്ടും. ഒന്നുകൂടി ക്ലിക്ക് ചെയ്താൽ Descending ആകും.